ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സ്വർണ്ണ തൊഴിലാളികൾ, മൺപാത്ര തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവരുൾപ്പെടെ സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റ് ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടിരിക്കുന്നവർക്കുമായി ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി ആക്കുന്നതിനായി ലേബർ കമ്മീഷണർ ലഭ്യമാക്കിയ കരട് ബിൽ ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. എന്നാൽ സർക്കാരിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന ഒരു പ്രൊപ്പോസലാണിതെന്നും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഈ നിർദ്ദേശം മാറ്റിവയ്ക്കണമെന്നുമുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായം സർക്കാർ അംഗീകരിച്ചിരിക്കുകയാണ്. ബിൽ ഉപേക്ഷിച്ചിട്ടില്ല. സാമ്പത്തികമായി സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആ ബില്ലിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സബ്മിഷനിൽ ഉന്നയിച്ചിട്ടുള്ള കാർപെന്റർ, മേയ്സൺ എന്നീ വിഭാഗങ്ങൾ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ വരുന്നതാണ്. എന്നാൽ മറ്റ് വിഭാഗക്കാർക്ക് ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതുമാണ്.

(10) എസ്.സി. കോ-ഓർഡിനേറ്റർ എസ്.ടി. സോഷ്യൽ ആക്റ്റിവിസ്റ്റ് എന്നിവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച്

ശ്രീ. പി. കെ. കുമാരൻ : സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥവിദ്യരായിട്ടുള്ള ഏതാണ്ട് രണ്ടായിരത്തോളം യുവതീയുവാക്കളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് സാമൂഹിക പ്രചോദകരായി നിയമിച്ച് പ്രവർത്തനം നടത്തിവരികയാണ്. പട്ടികജാതി സങ്കേതങ്ങളിലും പട്ടികവർഗ്ഗ ഊരുകളിലും ഇവരുടെ സേവനം വളരെ പ്രയോജനകരമാണ്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മാറ്റത്തിനും വളർച്ചയ്ക്കും വളരെയെറെ സഹായകരമായ ഈ നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഇവർക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യമെന്ന് പറയുന്നത്, പട്ടികജാതിക്കാരായ യുവതീയുവാക്കൾക്ക് 2000 രൂപയും പട്ടികവർഗ്ഗക്കാരായിട്ടുള്ളവർക്ക് 1000 രൂപയുമാണ് ഓണറേറിയമായി മാസാമാസം കൊടുക്കുന്നത്. ഇവരെ ഇപ്പോൾ ഒരു വർഷക്കാലത്തേയ്ക്ക് മാത്രമാണ് നിയമിച്ചിരിക്കുന്നത്. സാമൂഹികമാറ്റത്തിന് വളരെയേറെ സഹായകരമായി പ്രവർത്തിക്കുന്ന ഈ യുവതീയുവാക്കളുടെ സേവനം ദീർഘിപ്പിച്ചുകൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു വർഷത്തേയ്ക്ക് മാത്രമായി നിയമിച്ചിരിക്കുന്ന ഈ കാലയളവ് ദീർഘിപ്പിക്കുകയും അവർ നടത്തുന്ന സേവനത്തിന് ന്യായമായ പ്രതിഫലം

LIBRARY ARCHIVES Kerala Legislative Assembly

എന്ന നിലയില്ലെങ്കിൽപ്പോലും അവർക്ക് ഇന്ന് ജീവിക്കാൻ സഹായകമായ ആനുകൂല്യങ്ങൾ അല്പംകൂടി വർദ്ധിപ്പിച്ച് പട്ടികജാതിയിൽപ്പെടുന്ന ആളുകൾക്ക് 3000 രൂപയും പട്ടികവർഗ്ഗത്തിൽപ്പെടുന്ന ആളുകൾക്ക് 2000 രൂപയും വീതം പ്രതിമാസം ആനുകൂല്യം കൊടുക്കുകയും ഒരു വർഷത്തേക്ക്കൂടി കാലാവധി ദീർഘിപ്പിച്ചുകൊടുക്കുന്നതിനുള്ള ഉത്തരവും നടപടികളും ഉണ്ടാകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, എസ്. സി. കോ-ഓർഡിനേറ്റർമാരുടെയും ട്രൈബൽ സോഷ്യലിസ്റ്റ് ആക്ടിവിസ്റ്റുകളുടെയും കാലാവധി ഒമ്പതാം പഞ്ചവൽസര പദ്ധതി കാലത്തേയ്ക്ക് മുഴുവൻ ഉപയോഗപ്പെടുത്താൻവേണ്ടിയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ കാലാവധി ഒരു വർഷത്തേയ്ക്കൂടി നീട്ടാൻ ഗവൺമെന്റ് സന്നദ്ധമാണ്. അതുപോലെതന്നെ അവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം. ഇപ്പോൾ എസ്. സി. കോ-ഓർഡിനേറ്റർമാർക്ക് കൊടുക്കുന്നത് 2000 രൂപയാണ്. സോഷ്യൽ ആക്ടിവിസ്റ്റുകൾക്ക് കൊടുക്കുന്നത് 1000 രൂപയാണ്. അത് എസ്.സി. കോ-ഓർഡിനേറ്റർമാർക്ക് 2500 രൂപയും സോഷ്യൽ ആക്ടിവിസ്റ്റുകൾക്ക് 1500 രൂപയുമായി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ : സബ്മിഷൻ കഴിഞ്ഞു. ബഹുമാനപ്പെട്ട സി. പി. ബാലൻ വൈദ്യരുടെ സബ്മിഷനുള്ള മറുപടി വന്നിട്ടില്ല. അത് അടുത്ത ദിവസം എടുക്കാം.

V റിപ്പോർട്ട് സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ റിപ്പോർട്ട്

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ എഴുത്തിനാല് മുതൽ എഴുപത്തി ഒമ്പതു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

(2) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ട്

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചയുടെ മൂന്നാം ദിവസമാണ്. ഇന്ന് ചർച്ച അവസാനിപ്പിക്കുന്നതാണ്.

ശ്രീ.പി. ജെ. ജോയി :.....

LIBRARY ARCHIVES Kerala Legislative Assembly